പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1830

06.07.2015-ൽ മറുപടിക്ക്.

# സി.സി.റ്റി.വി വിവര ശേഖരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സുരക്ഷയുടെ ഭാഗമായി സർക്കാർ ഓഫീസുകളിലും പൊതു സ്ഥലങ്ങളിലും സ്ഥാപിക്കുന്ന സി.സി.റ്റി.വി അഥവാ ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ വഴി ശേഖരിക്കുന്ന ദൃശ്യങ്ങൾ സൂക്ഷിക്കുന്നതു സംബന്ധിച്ച നിലവിലുള്ള തീരുമാനം വിശദമാക്കാമോ; | : (എ) നിലവിൽ 15 മുതൽ 30 ദിവസം വരെ automatic ആയി കംപ്യൂട്ടറിൽ റെക്കോർഡ് ആകുകയും കൂടുതൽ ദൃശ്യങ്ങൾ റെക്കോർഡ് ചെയ്യുന്ന മുറയ്ക്ക് പഴയവ delete ആകുകയും ചെയ്യുന്ന സംവിധാനമാണ് നിലവിലുള്ളത്. |
| (ബി) ക്യാമറാദൃശ്യങ്ങൾ അപ്പപ്പോൾ കംപ്യൂട്ടറിൽ ശേഖരിക്കാനും വർഷങ്ങളോളം സൂക്ഷിച്ച് വയ്ക്കാനും സാധ്യമാണോ; ഇപ്രകാരം ശേഖരിക്കുന്ന ദൃശ്യങ്ങൾ ആവശ്യമായി വരുന്ന ഘട്ടത്തിൽ തിരിച്ചെടുക്കാനും ദൃശ്യത്തിൽ നിന്ന് സ്ഥലം, സമയം, തീയതി അടക്കമുള്ള വിവരങ്ങൾ ശേഖരിക്കുവാനും കഴിയുമോ; | : (ബി) സാധ്യമാണ്; ആവശ്യമായി വരുന്ന ഘട്ടത്തിൽ വിവരങ്ങൾ ശേഖരിക്കുവാൻ സാധിക്കുന്നതാണ്. |
| (സി) സർക്കാർ ഫയലുകൾ സൂക്ഷിക്കുന്നത് പോലെ സി.സി.റ്റി.വി ദൃശ്യങ്ങൾ സൂക്ഷിക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ; | : (സി) സാങ്കേതിക സൗകര്യങ്ങളുടെ അപര്യാപ്തതയാണ് കാരണം. |
| (ഡി) സി.സി.റ്റി.വി കളിലൂടെ ഇതിനകം ശേഖരിക്കപ്പെട്ട ദൃശ്യങ്ങൾ നശിപ്പിച്ച് കളയാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഏത് തലത്തിൽ വിശദമാക്കാമോ? | : (ഡി) ഇല്ല; ബാധകമല്ല. |

സെക്ഷൻ ഓഫീസർ